സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 180 2024 നവംബർ 04 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ബസ് കൊക്കയിലേക്ക് മറിഞ്ഞ് 20 പേർ മരിച്ചു

ഷിംല: ഉത്തരാഖണ്ഡിലെ അൽമോറയിൽ ബസ് തോട്ടിലേക്ക് മറിഞ്ഞ് 20 യാത്രക്കാർ മരിച്ചു. 45 സീറ്റുകളുള്ള ബസ് ഇന്ന് രാവിലെ ഗർവാലിൽ നിന്ന് കുമയൂണിലേക്ക് പോകുമ്പോൾ മാർച്ചുളയിലെ 200 മീറ്റർ താഴ്ചയുള്ള കൊക്കയിലേക്ക് മറിയുകയായിരുന്നു. പൊലീസും, ദേശീയ സംസ്ഥാന ദുരന്ത നിവാരണ സേനയും ചേർന്ന് അപകട സ്ഥലത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്. മരണസംഖ്യ ഉയരാൻ സാധ്യതയുണ്ടെന്ന് അധികൃതർ അറിയിച്ചു. യാത്രക്കാരിൽ ചിലരെ രക്ഷപ്പെടുത്തി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിനിടെ ബസിൽ നിന്ന് തെറിച്ചുവീണ യാത്രക്കാരാണ് അപകട വിവരം അധികൃതരെ അറിയിച്ചത്. മരിച്ചവരുടെ കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതവും ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ധനസഹായം പ്രഖ്യാപിച്ചു.

ഒറ്റ തന്തയ്ക്ക് പിറന്നവനാണെങ്കിൽ തെളിവ് പുറത്തുവിടണം: വെല്ലുവിളിച്ച് ശോഭാ സുരേന്ദ്രൻ

തൃശൂർ: തനിക്കെതിരെ ഉയർന്ന ആരോപണങ്ങൾക്കുള്ള തെളിവ് പുറത്തുവിടാൻ വെല്ലുവിളിച്ച് ബിജെപി നേതാവ് ശോഭാ സുരേന്ദ്രൻ. കഴിഞ്ഞ ദിവസം ചാനൽ മുതലാളി ആന്റോ അഗസ്റ്റിൻ പറഞ്ഞ കാര്യങ്ങൾ തെറ്റാണെന്നും ധൈര്യമുണ്ടെങ്കിൽ അവയുടെ തെളിവ് പുറത്തുവിടണമെന്നുമാണ് ശോഭാ സുരേന്ദ്രൻ ആവശ്യപ്പെട്ടത്. ആന്റോ അഗസ്റ്റിന്റെ വീട്ടിൽ താൻ എത്തിയതിന്റെ ഒരു ഫോട്ടോ തെളിവെങ്കിലും പൊതുജനങ്ങൾക്ക് മുന്നിൽ എത്തിക്കാൻ ശോഭ പറഞ്ഞു. മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

'ഒരു 500 തവണയെങ്കിലും ഞാൻ ആന്റോ അഗസ്റ്റിന്റെ വീട്ടിലെത്തിയിരുന്നുവെന്ന് അയാൾ പറഞ്ഞു. അതിൽ നിന്ന് രണ്ട് പൂജ്യം ഞാൻ കളഞ്ഞു. ഒരു അഞ്ച് തവണയെങ്കിലും ഞാൻ ആന്റോയുടെ വീട്ടിൽ വന്നതിന്റെ തെളിവ് പുറത്തുവിടണം. ഞാൻ ആന്റോ അഗസ്റ്റിനെ ഫോണിൽ വിളിച്ചുവെന്ന് അയാൾ പറഞ്ഞു. ഞാൻ വിളിച്ച സമയം,? നമ്പർ,? തീയതി എന്നിവ കേരളത്തിലെ ജനങ്ങൾക്ക് മുന്നിൽ വയ്ക്കാൻ അയാൾ തയ്യാറാവണം. എനിക്ക് വേണ്ടി മുറികൾ എടുത്തിട്ടുണ്ടന്നാണ് അയാൾ കഴിഞ്ഞ ദിവസം പറഞ്ഞത്.

ഇന്ത്യയിലെ ഏതെങ്കിലും ഒരു ഹോട്ടലിൽ എനിക്ക് വേണ്ടി നിങ്ങൾ മുറി ബുക്ക് ചെയ്തിട്ടുണ്ടെങ്കിൽ ഒറ്റ തന്തയ്ക്ക് പിറന്നവനാണെങ്കിൽ അതിന്റെ തെളിവ് കേരളത്തിലെ ജനങ്ങൾക്ക് മുന്നിൽ വയ്ക്കണം. ശോഭയ്ക്ക് വിമാനത്തിൽ കയറാൻ ടിക്കറ്റ് എടുത്ത് കൊടുക്കുന്നത് അയാൾ ആണെന്ന് പറഞ്ഞു. ഇല്ലാത്ത ബലാത്സംഗ കുറ്റം ചുമത്താൻ ഒരു സ്ത്രീക്ക് പണം വാഗ്ദാനം ചെയ്ത ആളാണ് ആന്റോ. അതിന്റെ സാക്ഷിയാണ് ഞാൻ. തിരൂർ സതീശന് പിന്നിൽ ആന്റോ അഗസ്റ്റിൻ ആണ്',- ശോഭാ സുരേന്ദ്രൻ ആരോപിച്ചു.

അതേസമയം, ബിജെപി മുൻ ഓഫീസ് സെക്രട്ടറി തിരൂർ സതീഷിന്റെ വീട്ടിൽ എത്തിയില്ലെന്ന ശോഭാ സുരേന്ദ്രന്റെ വാദം പൊളിയുന്നു. തന്റെ വീട്ടിൽ വന്നിട്ടില്ലെന്ന വാദം തെറ്റാണെന്ന് തെളിയിക്കുന്ന ചിത്രങ്ങൾ തിരൂർ സതീഷ് പുറത്തുവിട്ടു. അദ്ദേഹത്തിന്റെ വീട്ടിൽ ഭാര്യയോടും മകനോടും ഒപ്പം ശോഭാ നിൽക്കുന്ന ചിത്രമാണ് പുറത്തുവന്നത്.

സതീഷന്റെ വീട്ടിൽ താൻ വന്നിട്ടേയില്ലെന്നായിരുന്നു ഇന്നലെ ശോഭാ സുരേന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞത്. എന്നാൽ ശോഭാ സുരേന്ദ്രൻ വീട്ടിലെത്തിയതിനുള്ള തെളിവാണ് പുറത്തുവന്ന ചിത്രങ്ങൾ. ആറുമാസം മുൻപ് തന്റെ വീട്ടിലെത്തിയതിന്റെ ചിത്രമാണ് പുറത്തുവിട്ടതെന്ന് തിരൂർ സതീഷ് പ്രതികരിച്ചു.

കൊടകര കുഴൽപ്പണക്കേസിൽ തിരൂർ സതീഷിന്റെ ആരോപണങ്ങൾക്ക് പിന്നിൽ സിപിഎം ആണെന്നായിരുന്നു ശോഭാ സുരേന്ദ്രൻ ഇന്നലെ പറഞ്ഞത്. ആരോപണങ്ങൾക്ക് തിരൂർ സതീശനെ സിപിഎം വിലയ്ക്കെടുത്തെന്നും ശോഭ ആരോപിച്ചിരുന്നു. സതീഷ് തന്നെ കാണാൻ വന്നിട്ടില്ലെന്നും സതീഷിന്റെ വീട്ടിൽ ഒരിക്കലും പോയിട്ടില്ലെന്നും ശോഭ പറഞ്ഞിരുന്നു.

മോദിയെ വിമർശിച്ച് ഖാർഗെ

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് റാലികളിൽ സാധാരണക്കാർ നേരിടുന്ന യഥാർഥ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വെല്ലുവിളിച്ച് പ്രതിപക്ഷം. ബി.ജെ.പിയുടെ ജനവിരുദ്ധ നയങ്ങൾ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ നശിപ്പിക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. വ്യാജ പ്രചാരണങ്ങൾ യഥാർഥ ക്ഷേമത്തിന് പകരമാകില്ലെന്നും ഖാർഗെ പറഞ്ഞു. 'സാധാരണ പൗരന്മാരുടെ അവസാന പൈസയും കൊള്ളയടിച്ച് നിങ്ങൾ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നോക്കൂ! കുറഞ്ഞ ഉപഭോഗം, ഉയർന്ന പണപ്പെരുപ്പം, വർധിച്ചുവരുന്ന അസമത്വം, മന്ദഗതിയിലുള്ള നിക്ഷേപം, വേതന മുരടിപ്പ് എന്നിവയിൽ വലയുന്ന ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ ആവേശം ഉയർത്താൻ ആഘോഷങ്ങളുടെ ആർപ്പുവിളികൾക്ക് പോലും കഴിഞ്ഞില്ല' -ഖാർഗെ എക്സ് പോസ്റ്റിൽ പറഞ്ഞു.

മതത്തിന്റെ അടിസ്ഥാനത്തിൽ ഐഎഎസ് ഉദ്യോഗസ്ഥരുടെ വാട്സ്ആപ് ഗ്രൂപ്പ്: വിഷയം പരിശോധിക്കുമെന്ന് മന്ത്രി

ന്യൂഡൽഹി: ഹിന്ദുക്കളായ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാട്സ്ആപ് ഗ്രൂപ്പുണ്ടാക്കിയ സംഭവത്തിൽ പരിശോധന നടത്തുമെന്ന് വ്യവസായമന്ത്രി പി. രാജീവ്. വിഷയം ഗൗരവമുള്ളതാണെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിഭജനങ്ങൾ വരുന്നത് ഗൗരവമുള്ള കാര്യമാണ്. അത് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തും. പൊതുഭരണവുമായി ബന്ധപ്പെട്ട് പൊതുവായ പെരുമാറ്റച്ചട്ടമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തും. അതിനുശേഷം വിഷയത്തിൽ കൂടുതൽ പ്രതികരിക്കാമെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായവകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ അഡ്മിനായി 'മല്ലു ഹിന്ദു ഓഫീസേഴ്സ്', 'മല്ലു മുസ്ലിം ഓഫീസേഴ്സ്' എന്നീ പേരുകളിലാണ് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാട്സാപ്പ് ഗ്രൂപ്പുകൾ പ്രത്യക്ഷപ്പെട്ടത്. ഇവ താനുണ്ടാക്കിയതല്ലെന്നും തന്റെ ഫോൺ ഹാക്ക് ചെയ്ത് മറ്റാരോ സൃഷ്ടിച്ചതാണെന്നും അദ്ദേഹം സിറ്റി പോലീസ് കമ്മിഷണർക്ക് പരാതി നൽകിയിട്ടുണ്ട്.

വാട്സാപ്പ് ഗ്രൂപ്പിൽ തങ്ങളെ ഉൾപ്പെടുത്തിയതുകണ്ട് ചില ഐ.എ.എസ്. ഉദ്യോഗസ്ഥർ ഗോപാലകൃഷ്ണനുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു. രണ്ടുമണിക്കൂറിനുള്ളിൽ തന്നെ ഗ്രൂപ്പ് ഡിലീറ്റ് ചെയ്യപ്പെട്ടു. തന്റെ ഫോണിന്റെ നിയന്ത്രണം മറ്റാരോ ഏറ്റെടുത്തെന്നും എല്ലാ നമ്പറുകളെയും ഉൾപ്പെടുത്തി 11 ഗ്രൂപ്പുകൾ ഉണ്ടാക്കിയെന്നും അദ്ദേഹം ഉദ്യോഗസ്ഥർക്ക് സന്ദേശം നൽകിയിരുന്നു.

അതേസമയം, മല്ലു മുസ്ലിം ഓഫീസേഴ്സ് എന്ന പേരിൽ മറ്റൊരു ഗ്രൂപ്പും തന്റെപേരിൽ വന്നതായി ഗോപാലകൃഷ്ണൻ പറഞ്ഞു. ഗ്രൂപ്പുകൾ താൻ ഉണ്ടാക്കിയതല്ലെന്നും അന്വേഷിക്കാൻ സിറ്റി പോലീസ് കമ്മിഷണറോട് ആവശ്യപ്പെട്ടെന്നും കെ. ഗോപാലകൃഷ്ണൻ പറഞ്ഞു.

അമ്മയെ പറഞ്ഞ ആരോടും മുരളീധരൻ ക്ഷമിക്കില്ല, രാഹുൽ ജയിക്കാൻ അദ്ദേഹം ആഗ്രഹിക്കില്ല: പത്മജ

പാലക്കാട്: പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ യുത്ത് കോൺഗ്രസ് അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിലിനെ സ്ഥാനാർഥിയാക്കിയതിനെതിരേ വീണ്ടും വിമർശനവുമായി ബി.ജെ.പി.നേതാവ് പത്മജാ വേണുഗോപാൽ. പാലക്കാടൊന്നും ആരുമില്ലേ സ്ഥാനാർഥിയായി നിർത്താനെന്നും പത്തനംതിട്ടയിൽനിന്ന് കൊണ്ടുവരേണ്ടതുണ്ടോ എന്നും പത്മജ ചോദിച്ചു.

കെ. മുരളീധരൻ ഒരിക്കലും സ്വന്തം താൽപര്യപ്രകാരം പാലക്കാട്ട് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് വരില്ലെന്നും പത്മജ പറഞ്ഞു. മുരളീധരൻ അമ്മക്കുട്ടിയായിരുന്നു. അമ്മ എന്നു പറഞ്ഞാൽ അദ്ദേഹത്തിന് അത്ര ജീവനായിരുന്നു. ആ അമ്മയെ പറഞ്ഞ ആരോടും മുരളീധരൻ മനസ്സിൽ ക്ഷമിക്കില്ല. അത് തനിക്ക് അറിയാം. പാർട്ടി പറഞ്ഞാൽ അദ്ദേഹത്തിന് പലതും ചെയ്യേണ്ടിവരും. എന്റെ ജീവിതത്തിൽ മുരളീധരൻ കരഞ്ഞുകണ്ടത് അമ്മ മരിച്ച സമയത്താണ്. അച്ഛൻ മരിച്ച സമയത്ത് സ്ട്രോങ്ങായി നിന്നയാളാണ്. അത്രയ്ക്ക് അമ്മയോട് അടുപ്പമുള്ളയാണ്. രാഹുൽ ജയിക്കാൻ അദ്ദേഹം ഒരിക്കലും മനസ്സിൽ ആഗ്രഹിക്കില്ല, പത്മജ കൂട്ടിച്ചേർത്തു.

ബി.ജെ.പി. സ്ഥാനാർഥി കൃഷ്ണകുമാർ പാലക്കാട്ടുകാരനാണ്. കൃഷ്ണകുമാറിനെ 24 മണിക്കൂറും കൽപ്പാത്തിയിലും കാണാം. അവിടെയും കാണാം. ഇവിടെയും കാണാം. ടൗണിലും കാണാം. അങ്ങനൊരാൾ എം.എൽ.എ. ആകുന്നതല്ലേ നമുക്ക് നല്ലത്.

അല്ലാതെ പത്തനംതിട്ട അറിയിച്ച് അയാളൊക്കെ വരുമ്പോഴേക്ക് കാര്യങ്ങളൊക്കെ ഇവിടെ കഴിഞ്ഞിട്ടുണ്ടാവും, പത്മജ കൂട്ടിച്ചേർത്തു.

ഭാര്യയുടെ മുന്നിൽവച്ച് 'അങ്കിൾ' എന്ന് വിളിച്ചു; പ്രകോപിതനായി കടയുടമയെ വലിച്ച് റോഡിലിട്ടു, ബെൽറ്റുകൊണ്ട് മർദിച്ചു

ഭോപ്പാൽ: ഭാര്യയുടെ മുന്നിൽ വച്ച് അങ്കിൾ എന്ന് വിളിച്ച കടയുടമയെ ഉപഭോക്താവ് മർദിച്ചതായി പരാതി. ഭോപ്പാലിലെ ജത്ഖേഡി പ്രദേശത്ത് സാരിക്കട നടത്തുന്ന വിശാൽ ശാസ്ത്രിയാണ് പൊലീസിൽ പരാതി നൽകിയത്. കടയിലെത്തി രോഹിത്ത് എന്നയാളും സുഹൃത്തുക്കളും മർദിച്ചെന്നാണ് വിശാലിന്റെ പരാതി.

ശനിയാഴ്ച സാരിയെടുക്കാനായി രോഹിത്തും ഭാര്യയും വിശാലിന്റെ കടയിലെത്തിയിരുന്നു. ഒരുപാട് സമയം ഇരുവരും ഇവിടെ ചെലവഴിച്ചു. നിരവധി സാരികൾ നോക്കിയെങ്കിലും ഒരെണ്ണം പോലും എടുത്തില്ല. ഒടുവിൽ എത്ര വിലയുള്ള സാരിയാണ് വേണ്ടതെന്ന് വിശാൽ ചോദിച്ചു. ആയിരം രൂപയുടെ സാരിയാണ് നോക്കുന്നതെന്നും അതിലും വില കൂടിയതും തനിക്ക് വാങ്ങാൻ കഴിയുമെന്നും രോഹിത്ത് മറുപടി നൽകി.

ഇതുകേട്ടതും 'അങ്കിൾ ഞാൻ മറ്റ് റേഞ്ചിലും സാരികളും കാണിച്ചുതരാം' എന്ന് വിശാൽ മറുപടി നൽകി. ഇതുകേട്ടതും തന്നെ അങ്ങനെ വിളിക്കരുതെന്ന് പറഞ്ഞുകൊണ്ട് ദേഷ്യപ്പെട്ടു. തുടർന്ന് ഭാര്യയേയും കൂട്ടി കടയിൽ നിന്നിറങ്ങി. കുറച്ചുസമയത്തിന് ശേഷം രോഹിത്ത് ചില സുഹൃത്തുക്കളെയും കൂട്ടി കടയിലെത്തി. വിശാലിനെ റോഡിലേക്ക് വലിച്ചിറക്കി വടിയും ബെൽറ്റും ഉപയോഗിച്ച് മർദിക്കുകയും പലതവണ ചവിട്ടുകയും ചെയ്തു. തുടർന്ന് പ്രതികൾ സ്ഥലം വിട്ടു.

പരിക്കേറ്റ വിശാൽ അടുത്തുള്ള പൊലീസ് സ്റ്റേഷനിലെത്തി രോഹിത്തിനും കൂട്ടുകാർക്കുമെതിരെ പരാതി നൽകി. അതിനുശേഷം ആശുപത്രിയിലേക്ക് പോകുകയും ചെയ്തു. സംഭവത്തിൽ കേസെടുത്തിട്ടുണ്ടെന്ന് പൊലീസ് അറിയിച്ചു.

കൊല്ലം കളക്ടറേറ്റ് സ്ഫോടനക്കേസ്: 3 പ്രതികൾ കുറ്റക്കാർ, ഒരാളെ വെറുതേവിട്ടു

കൊല്ലം: കൊല്ലം കളക്ടറേറ്റ് വളപ്പിലെ ബോംബ് സ്ഫോടനക്കേസിൽ 3 പ്രതികൾ കുറ്റക്കാരെന്ന് കോടതി. നാലാം പ്രതിയെ വിട്ടയച്ചു. പ്രിൻസിപ്പൽ സെഷൻ ജഡ്ജി ജി ഗോപകുമാറാണ് കേസ് പരിഗണിച്ചത്. ശിക്ഷാവിധി നാളെ പ്രഖ്യാപിക്കും. നിരോധിത സംഘടനയായ ബേസ് മൂവ്മെന്റ് പ്രവർത്തകരും മധുര സ്വദേശികളുമായ അബ്ബാസ് അലി (31), ഷംസൂൺ കരീം രാജ (33), ദാവൂദ് സുലൈമാൻ (27) എന്നിവരെയാണ് കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ളത്.

നാലാം പ്രതിയായിരുന്ന ഷംസുദ്ദീനെയാണ് കോടതി വിട്ടയച്ചത്. അഞ്ചാം പ്രതിയായ മുഹമ്മദ് അയൂബിനെ മാപ്പു സാക്ഷിയാക്കിയാണ് കേസ് വിസ്തരിച്ചത്. കേസിന്റെ വിചാരണ കഴിഞ്ഞ ദിവസം പൂർത്തിയായിരുന്നു. 2016 ജൂൺ 15ന് രാവിലെ കൊല്ലം കളക്ടറേറ്റ് വളപ്പിൽ ഉപയോഗശൂന്യമായി കിടന്ന തൊഴിൽ വകുപ്പിന്റെ ജീപ്പിനടിയിൽ അധികം പ്രഹരശേഷിയില്ലാത്ത ബോംബ് സ്ഥാപിച്ചാണ് സ്ഫോടനം നടത്തിയത്. ചോറ്റുപാത്രത്തിൽ സ്ഥാപിച്ച ബോംബ് പൊട്ടി പേരയം പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് സാബുവിന് പരിക്കേറ്റിരുന്നു.

സ്ഫോടനം നടന്ന സ്ഥലത്ത് നിന്ന് 15 ബാറ്ററികളും 17 ഫ്യൂസ് വയറുകളും ബാഗും പൊലീസ് കണ്ടെടുത്തു. കളക്ടറേറ്റിലേക്ക് ജനങ്ങൾ എത്തുന്ന ഏറ്റവും തിരക്കേറിയ സമയത്തായിരുന്നു സ്ഫോടനം. രണ്ടാം പ്രതി ഷംസൂൺ കരീം രാജയാണ് സ്ഫോടനത്തിന്റെ മുഖ്യസൂത്രധാരൻ. സ്ഫോടനത്തിന്റെ ഒരാഴ്ച മുമ്പ് കരിംരാജ കൊല്ലത്തെത്തി കളക്ടറേറ്റിന്റെയും കോടതിയുടെയും ചിത്രങ്ങളും വീഡിയോകളും മൊബൈൽ ഫോണിൽ പകർത്തിയിരുന്നു.

ചിത്രങ്ങളുമായി മധുരയിലെത്തിയാണ് മറ്റ് നാലുപേരുമായി ചേർന്ന് സ്ഫോടനം ആസൂത്രണം ചെയ്തത്. സ്ഫോടനം നടന്ന ദിവസം രാവിലെ തെങ്കാശിയിൽ നിന്ന് കെഎസ്ആർടിസി ബസിലാണ് കരിംരാജ ബോംബുമായി കൊല്ലത്തെത്തിയത്. അവിടെ നിന്ന് ഓട്ടോറിക്ഷയിൽ കളക്ടറേറ്റ് വളപ്പിൽ എത്തി ബോംബ് സ്ഥാപിക്കുകയായിരുന്നു. സംഭവം അന്വേഷിച്ച കേരള പൊലീസിന് പ്രതികളെ കണ്ടെത്താനായിരുന്നില്ല. വെല്ലൂർ സ്ഫോടനക്കേസ് അന്വേഷണത്തിനിടെ എൻഐ എ സംഘമാണ് പ്രതികളെ പിടികൂടിയത്. നിലവിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ റിമാൻഡിൽ കഴിയുകയാണ് നാലുപേരും.

ആമസോണിനെ കബളിപ്പിച്ച് 1.29 കോടി രൂപ തട്ടിയ യുവാക്കൾ അറസ്റ്റിൽ

മംഗളൂരു: വിവിധ സംസ്ഥാനങ്ങളിൽ യാത്ര ചെയ്ത് ആമസോണിൽ നിന്ന് 1.29 കോടി രൂപ കബളിപ്പിച്ച് തട്ടിയ രാജസ്ഥാൻ സ്വദേശികളായ രണ്ട് യുവാക്കളെ മംഗളൂരു സിറ്റി പൊലീസ് അടുത്തിടെ അറസ്റ്റ് ചെയ്തു. പ്രതികളായ രാജ്കുമാർ മീണ (23), സുഭാഷ് ഗുർജാർ (27) എന്നിവരാണ് പിടിയിലായത്. പെട്ടെന്ന് പണം സമ്പാദിക്കുന്നതിനായാണ് യുവാക്കൾ ഹൈടെക് തട്ടിപ്പ് നടത്തിയത്.

ആമസോണിന്റെ ഡെലിവറി പങ്കാളിയായ മഹീന്ദ്ര ലോജിസ്റ്റിക്സ് സ്റ്റിക്കർ സ്വാപ്പിംഗ് തന്ത്രം കണ്ടെത്തി ഇക്കാര്യം ആമസോണിനെ അറിയിച്ചതോടെയാണ് തട്ടിപ്പ് പുറത്തായത്.

"ആത്മാഭിമാനം പണയം വയ്ക്കാനില്ല, അമ്മ മരിച്ചപ്പോൾ പോലും കൃഷ്ണകുമാർ വന്നില്ല: പ്രതീക്ഷകൾ നഷ്ടപ്പെട്ടുവെന്ന് സന്ദീപ് വാര്യർ

പാലക്കാട്: ബിജെപിയോട് ഇടഞ്ഞു നിൽക്കുന്നതിലെ കാരണം വെളിപ്പെടുത്തി യുവനേതാവ് സന്ദീപ് വാര്യർ. പാലക്കാട് എൻഡിഎ സ്ഥാനാർഥി കൃഷ്ണകുമാറുമായുള്ള മാനസിക അകൽച്ചയാണ് തന്റെ പിന്മാറ്റത്തിന് കാരണമെന്ന് സന്ദീപ് വിശദമാക്കുന്നു. അമ്മ മരിച്ച് കിടന്നപ്പോൾ പോലും തന്നെ വന്ന് ആശ്വസിപ്പിക്കാത്തയാളാണ് കൃഷ്ണകുമാറെന്നും, സിപിഎമ്മിലെയും കോൺഗ്രസിലെയും പല നേതാക്കളും ഓടിയെത്തിയപ്പോഴും സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ഒരു റീത്ത് പോലും തന്റെ അമ്മയ്ക്കായി ആരും വച്ചില്ലെന്നും സന്ദീപ് വികാരനിർഭരമായി കുറിച്ചു.

ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ച് 3 യുദ്ധങ്ങളിൽ പങ്കെടുത്ത ഗോവിന്ദ വാര്യരുടെയും ചെത്തല്ലൂർ സ്കൂളിലെ പ്രധാന അദ്ധ്യാപികയായിരുന്ന രുഗ്മിണി ടീച്ചറുടെയും മകന് ആത്മാഭിമാനം പണയം വയ്ക്കാൻ കഴിയില്ലെന്നും സന്ദീപ് വാര്യർ കുറിക്കുന്നു.

കഴിഞ്ഞ കുറേ ദിവസമായി മാനസികമായി കടുത്ത സമ്മർദ്ദത്തിലാണ്. മാധ്യമ പ്രവർത്തകരോട് സംസാരിക്കാനില്ല എന്ന് പറഞ്ഞിട്ടും വിടാതെ പിന്തുടരുന്നു. അതിനവരെ കുറ്റപ്പെടുത്തുന്നില്ല . അതവരുടെ ധർമ്മം. നിർവ്വഹിക്കട്ടെ. ആയിരക്കണക്കിന് സന്ദേശങ്ങളും കോളുകളുമാണ് വന്നുകൊണ്ടിരിക്കുന്നത്. സ്നേഹിക്കുന്നവരുടെ വികാരങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളുന്നുണ്ട്. അവരുടെ സ്നേഹത്തിനു മുന്നിൽ ഞാൻ നമസ്കരിക്കുകയാണ്.

കൺവെൻഷനിൽ ഒരു സീറ്റ് കിട്ടാത്തതിന് സന്ദീപ് വാര്യർ പിണങ്ങിപ്പോയി എന്നാണ് വാർത്ത. അങ്ങനെ വേദിയിൽ ഒരു സീറ്റ് കിട്ടാത്തതിനാൽ പിണങ്ങിപോകുന്നവനല്ല ഞാനെന്ന് എന്നെ സ്നേഹിക്കുന്ന എന്നെ അറിയുന്ന മുഴുവൻ പേർക്കും അറിയാം. ഇന്നും കൊടി പിടിക്കുകയും മുദ്രാവാക്യം വിളിക്കുകയും പോസ്റ്റർ ഒട്ടിക്കുകയും ചെയ്യുന്ന ഒരു എളിയ ബിജെപി പ്രവർത്തകൻ മാത്രമാണ് ഞാൻ.

പക്ഷേ എനിക്ക് ചില മാനസിക പ്രയാസങ്ങൾ നേരിട്ടിട്ടുണ്ട്. അതൊരു സത്യമാണ്. അതു മറച്ചുവെക്കാൻ സാധിക്കില്ല. ഒരു മനുഷ്യന്റെ ആത്മാഭിമാനം എന്ന് പറയുന്നത് ഏറ്റവും പരമപ്രധാനമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. അത് കേവലം ഒരു പരിപാടിയിൽ സംഭവിച്ച അപമാനം മാത്രമല്ല. Chain of events ആണ്. അതൊന്നും ഞാനിപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ല.

ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ച് മൂന്ന് യുദ്ധങ്ങളിൽ പങ്കെടുത്ത ഗോവിന്ദ വാര്യരുടെയും ചെത്തല്ലൂർ സ്കൂളിലെ പ്രധാന അധ്യാപികയായിരുന്ന രുഗ്മിണി ടീച്ചറുടെയും മകന് ആത്മാഭിമാനം പണയം വയ്ക്കാൻ കഴിയില്ല.

ഈ അവസരത്തിൽ ആ കാര്യങ്ങൾ മുഴുവൻ തുറന്നു പറയാൻ ഞാൻ തയ്യാറല്ല. പ്രിയ സ്ഥാനാർഥി കൃഷ്ണകുമാർ ഏട്ടന് വിജയാശംസകൾ. കൃഷ്ണകുമാർ ഏട്ടൻ ഇന്നലെ ചാനലിൽ പറയുന്നത് കേട്ടു ഞാനും സന്ദീപും യുവമോർച്ച കാലം മുതൽക്ക് ഒരുമിച്ച് പ്രവർത്തിച്ചതാണെന്ന്. ഏട്ടാ, നമ്മൾ ഒരിക്കലും യുവമോർച്ചയിൽ ഒരുമിച്ച് പ്രവർത്തിച്ചിട്ടില്ല. ഏട്ടൻ എപ്പോഴെങ്കിലും എന്റെ വീട് കണ്ടിട്ടുണ്ടോ? എന്റെ അമ്മ രണ്ടുവർഷം മുമ്പ് ഈ ലോകത്തോട് വിട പറഞ്ഞപ്പോൾ, അന്ന് ഞാൻ നിങ്ങളുടെ സംസ്ഥാന ഭാരവാഹിയായിരുന്നു. അതായത് പ്രോട്ടോകോൾ പ്രകാരം വേദിയിൽ ഇരിക്കേണ്ട ആൾ. എന്റെ അമ്മ എന്നത് പോട്ടെ, സംഘപ്രസ്ഥാനങ്ങൾക്ക് കാര്യാലയം നിർമ്മിക്കാൻ സ്വന്തം വളപ്പിലെ സ്ഥലം കിടക്കയിൽ കിടന്നുകൊണ്ട് ആവശ്യത്തിന് എടുത്തോ എന്ന് അനുമതി നൽകിയ ഒരു അമ്മ, മരിച്ചുകിടന്നപ്പോൾ പോലും ജില്ലയിൽ നിന്നുള്ള സംസ്ഥാന ജനറൽ സെക്രട്ടറിയായ നിങ്ങൾ വന്നില്ല. ഇന്ന് നിങ്ങളുടെ എതിർ സ്ഥാനാർത്ഥിയായ ഡോക്ടർ സരിൻ എന്റെ വീട്ടിൽ ഓടി വന്നിരുന്നു. ഞാൻ ഏറെ ബഹുമാനിച്ചിരുന്ന ആനത്തലവട്ടം ആനന്ദൻ, കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, എഎ റഹീം, ബിആർഎം ഷഫീർ, വി ടി ബൽറാം, മുകേഷ് എംഎൽഎ തുടങ്ങി എതിർ പക്ഷത്തുള്ളവർ പോലും ഫോണിലൂടെയും നേരിട്ടും ഒക്കെ അനുശോചനങ്ങൾ അർപ്പിച്ചപ്പോൾ ഒരു ഫോൺകോളിൽ പോലും എന്നെയോ എന്റെ അച്ഛനെയോ നിങ്ങൾ ആശ്വസിപ്പിച്ചില്ല. ഒരു സംഘടനയിൽ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ ഉണ്ടാകേണ്ട മാനസിക അടുപ്പവും സ്നേഹവും പ്രകടിപ്പിക്കേണ്ടത് ഇത്തരം സന്ദർഭങ്ങളിലായിരിക്കണം എന്ന് ഞാൻ വിശ്വസിക്കുന്നു. വരാത്ത ബാക്കി പ്രമുഖരെ കുറിച്ച് ഒന്നും എനിക്ക് വിഷമമില്ല. ഞാൻ സംസ്ഥാന ഭാരവാഹിയായിരിക്കുന്ന കാലത്തും എന്റെ അമ്മയുടെ മൃതദേഹത്തിൽ സംസ്ഥാന കമ്മിറ്റിയുടെ ഒരു റീത്ത് പോലും നിങ്ങൾ ആരും വെച്ചില്ല എന്നത് മറന്നു പോകരുത്. എന്നെ കൂടുതൽ സ്നേഹിച്ചു കൊല്ലരുത് എന്നു മാത്രമേ പറയാനുള്ളൂ.

സന്ദീപ് വാര്യർ മാറിനിൽക്കരുത് എന്ന് നിങ്ങൾ പുറത്തേക്ക് പറയുമ്പോഴും കഴിഞ്ഞ അഞ്ചാറു ദിവസമായി എനിക്കു നേരിട്ട അപമാനത്തിൽ ഒന്ന് സംസാരിക്കാൻ ഒരാൾ വന്നത് ഇന്ന് രാവിലെയാണ്. വന്ന ആൾക്ക് പ്രത്യേകിച്ചൊന്നും പറയാനുമുണ്ടായിരുന്നില്ല. എനിക്കും കൂടുതൽ ഒന്നും പറയാനില്ല. കൃഷ്ണകുമാർ ഏട്ടന് വിജയാശംസകൾ നേരുന്നു. ബിജെപി ജയിക്കണമെന്ന് ആത്മാർത്ഥ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



ഒരു മനയൂർ എൻ.എസ്.എസ് കരയോഗം (2801)പതാക ദിനത്തിൽ കരയോഗം സെക്രട്ടറി ശശി നായർ വട്ടേക്കാട്ട് പതാക ഉയർത്തുന്നു

ദീപാവലി കുടുംബ സംഗമം

ഇരിങ്ങാലക്കുട : മണ്ണാത്തിക്കുളം റോഡ് റസിഡന്റ്സ് അസോസിയേഷന്റെ ദീപാവലി കുടുംബ സംഗമം നടന്നു. മണ്ണാത്തിക്കുളത്തിനു ചുറ്റും ചെരാത് വെച്ച് ദീപം തെളിയിച്ചു. തുടർന്ന് ആകാശ വിസ്മയം , മധുരപലഹാര വിതരണം എന്നിവ ഉണ്ടായിരുന്നു. അസോസിയേഷൻ പ്രസിഡണ്ട് എ.സി. സുരേഷ്, അഖില ശ്രീനാഥ്, രേഖ ശ്യാം, സിനി രണേഷ് കുമാർ, എം. രവീന്ദ്രനാഥൻ, ഗീത കെ. മേനോൻ, ജയന്തി വേണുഗോപാൽ, വി. വിനോദ് കുമാർ, പി.സതീശൻ എന്നിവർ നേതൃത്വം നൽകി.

എല്ലാ തലമുറകളും ആരാധിക്കുന്ന ദൈവവും സ്ഥലവും ഒന്നു തന്നെയാണ്: ജസ്റ്റിസ് ബെച്ചു കുരിയൻ

തൃശൂർ: നിങ്ങൾ ദൈവത്തെ ആരാധിക്കുന്ന അതേ സ്ഥലത്ത് നിങ്ങളുടെ പിതാക്കന്മാരും, പിതാമഹന്മാരും, പൂർവ്വീക പിതാക്കന്മാരും, ആരാധിച്ചിട്ടുണ്ട്. നിങ്ങളുടെ കാലടികൾ ഇന്ന് പതിയുന്ന അതെ സ്ഥലത്ത് നിങ്ങൾക്ക് ഓർമ്മയിൽ കൊണ്ടു വരാവുന്ന പൂർവ്വീക പിതാക്കന്മാരും ദൈവത്തെ ആരാധിച്ചത് ഇവിടെത്തന്നെയാന്നെന്ന് ഓർക്കുമ്പോൾ താൻ രോമാഞ്ചം കൊള്ളുകയാന്നെന്ന് കേരള ഹൈ കോടതി ജഡ്ജി ജസ്റ്റിസ് ബെച്ചു കുരിയൻ തോമസ് പറഞ്ഞു. തലമുറകൾ പിന്നിട്ടിട്ടും നിങ്ങൾ ആരാധിക്കുന്ന ദൈവം ഒന്നു തന്നെയാണെന്നും ആ ദൈവത്തെ ആരാധിക്കുന്ന സ്ഥലവും ഒന്നു തന്നെയാണെന്നതും ദൈവത്തിന്റെ കരുതലാണ്. തലമുറയുടെ മാത്രം ദൈവമല്ല. പല തലമുറകളുടെ ദൈവമാണ്. എല്ലാ തലമുറകളും ആ ദൈവത്തെ ആരാധിക്കുന്ന സ്ഥലവും ഒന്നു തന്നെയാണ്. തലമുറകളായി ദൈവത്തെ ആരാധിക്കുവാൻ സാധിച്ചിട്ടുള്ള തൃശ്ശൂരിൽ തെരഞ്ഞെടുക്കപ്പെട്ട വിശ്വാസ സമൂഹത്തിന് ഇത്രയും തലമുറകൾക്ക് ദൈവത്തെ ആരാധിക്കുവാൻ സാധിച്ചതിന്റെ 210-ാം വാർഷികത്തിന്റെ പ്രധാന്യവും അതു തന്നെയാണ്. ഇനിയും നൂറ്റാണ്ടുകളോളം അതേ പൈതൃകത്തിൽതന്ന ആരാധിക്കുവാൻ കൽദായ സുറിയാനി വിശ്വസ സമൂഹത്തിനു സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് തൃശൂർ വലിയ പള്ളിയുടെ 210-ാംവാർഷികം ഔപചാരികമായി ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം.

ശക്തൻ തമ്പുരാൻ പണിയിച്ച തൃശ്ശൂർ വലിയപള്ളിയുടെ 175-ാം വാർഷികാഘോഷ ജൂബിലി ഇതേ വേദിയിൽ അഭിവന്ദ്യ മാർ അപ്രേം മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ 1988 മെയ് 29ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 6മണിക്ക് ഉദ്ഘാടനം നിർവ്വഹിച്ചത് എന്റെ പിതാവ് ജസ്റ്റിസ് കെ.ടി. തോമാസായിരുന്നു. 36 വർഷങ്ങൾക്ക് ശേഷം അതേ വേദിയിൽ മാർ അപ്രേം മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ 210-ാം വാർഷികാഘോഷ ജൂബിലി ഉദ്ഘാടനം നിർവ്വഹിക്കുന്നത് ജസ്റ്റിസ് കെ.ടി. തോമാസിന്റെ മകനാണെന്നത് തികച്ചും ദൈവത്തിന്റെ കരുതലാണ്. അതിനാൽ ഞാൻ ഭാഗ്യവനാണ്. ശക്തൻ തമ്പുരാൻ വലിയ പള്ളിക്ക് നൽകിയ കുത്തുവിളക്ക് തിരി കൊളുത്തിയാണ് ഉത്ഘാടനം നിർവഹിച്ചത്. 210 വാർഷികത്തോടൊപ്പം തന്നെഡോ. മാർ അപ്രേം മെത്രാപ്പോലീത്തക്ക് മാർത്ത മറിയം പുരസ്കാരം സമർപ്പിച്ചു.

മാർ അപ്രേം മെത്രാപോലിത്ത രചിച്ചതും 101 ഭാഷകളിൽ മൊഴിമാറ്റം ചെയ്തതുമായ കാൽവരി ക്രൂശെ നോക്കി ഞാൻ, കണ്ടു ക്രൂശിതൻ കർത്താവിനെ എന്ന പ്രാർത്ഥന ഗാനം വലിയ പള്ളി ഗായക സംഘം ആലപിച്ചും കൊണ്ടാണ് പൊതുസമ്മേളനം ആരംഭിച്ചത്.

മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. പെരുന്നാളിന്റെ ഭാഗമായി 210 ഡയാലീസീസ് രോഗികൾക്ക് സഹായധനം തൃശ്ശൂർ ജില്ലാ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.താജ് പോൾ പനക്കൽ സ്വീകരിച്ചു.

മാർ അപ്രേം മെത്രാപ്പീലത്ത മറുപടി പ്രസംഗം നടത്തി. നവവൈദീകരായ റവ. ഫ്രഡിഡോൺ ഡേവിസ് കശീശ, റവ .ഹീവ്പദ്യാക്ക്ന ജെയിൻ ജെയിംസ്, ഹീവ്പദ്യാക്ക്ന അബിൻ ഫ്രാൻസിസ് എന്നിവർക്ക് സ്വീകരണം നൽകി.

വികാരി റവ.കെ.ആർ.ഇനാശു കശ്ശീശ, സഹ വികാരി ഡെൽമിൻ ഡേവീസ് കശീശ കൈക്കാരൻ സോജൻ പി. ജോൺ ആന്റോ ഡി.ഒല്ലൂക്കാരൻ, ജെയ്ബ് ഒലക്കേങ്കിൽ എന്നിവർ സംസാരിച്ചു. ജോർജ് ചിരിയങ്കണ്ടത്ത്,ആന്റണി അരങ്ങാശ്ശേരി,ചാൾസ് ചിറ്റിലപ്പിള്ളി എന്നിവർ നേതൃത്വം നൽകി.

കനത്ത തകർച്ച: നിക്ഷേപകർക്ക് നഷ്ടം 6.8 ലക്ഷം കോടി, സെൻസെക്സ് ഇടിഞ്ഞത് 1,000 പോയന്റ്

വാഷിംഗ്ടൺ: യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മുന്നോടിയായി നിക്ഷേപകർ ജാഗ്രത പാലിച്ചത് വിപണിക്ക് തിരിച്ചടിയായി. ഫെഡ് റിസർവ് വീണ്ടും നിരക്ക് കുറച്ചേക്കുമെന്നുള്ള വിലയിരുത്തലും വിപണിയെ ബാധിച്ചു. തിങ്കളാഴ്ച രാവിലത്തെ വ്യാപാരത്തിനിടെ ആയിരം പോയന്റിലേറെ സെൻസെക്സിന് നഷ്ടമായി. ബാങ്ക്, ഐടി ഓഹരികളാണ് കനത്ത തിരിച്ചടി നേരിട്ടത്.

സെൻസെക്സ് 1,014 പോയന്റ് നഷ്ടത്തിൽ 78,710ലും നിഫ്റ്റി 308 പോയന്റ് താഴ്ന്ന് 23,997ലുമെത്തി. ഇതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം 6.8 ലക്ഷം കോടി താഴ്ന്ന് 441.3 ലക്ഷം കോടിയായി.

വാർത്താച്ചുരുക്കം

* തൃശൂർ : മണിച്ചിത്രത്താഴ് സിനിമയിലെ നാഗവല്ലി കഥാപാത്രത്തിന് നൃത്താവിഷ്കാരം നൽകി സാങ്കേതികതയുടെ കാഴ്ചവസന്തമൊരുക്കി ചങ്ങനാശ്ശേരി ജയകേരള തിയ്യറ്റർ രംഗത്തെത്തുന്നു.
* നാഗവല്ലി മനോഹരി നാഗവല്ലി മനോഹരി.. എന്ന നാടകനൃത്താവിഷ്കാരത്തിലൂടെ നാഗവല്ലിയുടെ ഭാവപകർച്ചക്കൊപ്പം സംവിധാനം നിർവ്വഹിച്ചിരിക്കുന്നത് നടി ശാലുമേനോനാണ്.
* തൃശൂർ പൂരം കലക്കിയതിൽ ചില വ്യക്തികളുടെ അതിവൈകാരികവും അപക്വവുമായ ഇടപെടലായിരുന്നുവെന്ന് എൻ.സി.പി. സംസ്ഥാന സെക്രട്ടറിയും തൃശൂർ ജില്ലാ പഞ്ചായത്ത് മെമ്പറുമായി എ.ബി.വല്ലഭൻ പ്രസ്താവനയിൽ പറഞ്ഞു. തൃശൂരിലെ ജനപ്രതിനിധികൾക്ക് ഇടപെടാൻ അവസരം ഇല്ലാതാക്കി സുരേഷ്ഗോപിക്ക് അനുയോജ്യമായ രീതിയിൽ സാഹചര്യങ്ങൾ ഒരുക്കികൊടുത്തതും സംശയാസ്പദമാണെന്നും ചൂണ്ടിക്കാട്ടി.
* തൃശൂർ ജില്ലാ സൈക്കിൾ പോളോ അസോസിയേഷന്റെ ജില്ലാ ചാമ്പ്യൻഷിപ്പ് പേരാമംഗലം ദുർഗ്ഗാവിലാസം ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു.
* തൃശൂർ സെന്റ് തോമസ് കോളേജ് ആഗോള വിദ്യാർത്ഥി സംഗമം കേരള പിറവി ദിനത്തിൽ ഗൂഗിൾ മീറ്റ് സമ്മേളനം വിപുലമായി നടന്നു.
* ജൂബിലി മിഷൻ ആശുപത്രിയിൽ ഓൺവീൽസ് പദ്ധതി നടി മഞ്ജുവാര്യർ ഉദ്ഘാടനം ചെയ്തു. ഗ്രാമീണ മേഖലകളിൽ ആരോഗ്യസേവനം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. നൂതന സൗകര്യങ്ങളോടുള്ള മൊബൈൽ ചികിത്സ യൂണിറ്റ് വാഹനം ജോസ് ആലുക്ക ഗ്രൂപ്പാണ് സ്പോൺസർ ചെയ്തത്.

തലോർ ഉണ്ണിമിശിഹാ ദേവാലയത്തിന്റെ മദ്ബഹ ശിലാ സ്ഥാപനം മാർ ആൻഡ്രൂസ് താഴത്ത് നടത്തി

തലോർ: തലോർ ഉണ്ണിമിശിഹ ഇടവക ദേവാലയത്തിന്റെ അതിപ്രധാന ബലിയർപ്പണ മദ്ബഹായുടെ ശിലാസ്ഥാപനം തൃശൂർ അതിരൂപത മെത്രാപ്പോലീത്തയും സി ബി സി ഐ (കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ) അധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്തു മെത്രാപ്പോലീത്ത നിർവഹിച്ചു. ഇടവക വികാരി ഫാ ജോഷി വെണ്ണാട്ടുപറമ്പിൽ, സഹവികാരിമാരായ ഫാ അരുൺ കാഞ്ഞിരത്തിങ്കൽ, ഫാ കനേഡിയൻ തണ്ടാശ്ശേരി എന്നിവർ വെഞ്ചരിപ്പ് കർമ്മത്തിൽ സഹകാർമികരായി. കൈക്കാരന്മാരായ വിൻസെന്റ് പെരിഞ്ചേരി, സ്റ്റാൻലി മഞ്ഞിൽ, സണ്ണി കാഞ്ഞാണി, റിഫിൻ കുന്നത്ത്, പള്ളി നിർമ്മാണ കൺവീനർമാരായ ജോയ് കൊമ്പൻ, ദേവസ്സി ത്രിശ്ശോക്കാരൻ എന്നിവരാണ് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇടവകയിലെ വേദ പഠനം നടത്തുന്ന അധ്യാപകരും വിദ്യാർഥികളും ഇടവക ജനങ്ങളും വെഞ്ചരിപ്പ് ശുശ്രൂഷക്കു സന്നിഹിതരായിരുന്നു. ദേവാലയം പണിയുന്നത് ദൈവമാണെന്നും ഇടവകക്കാർ ദൈവത്തിന്റെ കരങ്ങളിൽ ഉപകരണങ്ങൾ മാത്രമാണെന്നും മാർ താഴത്തു പറഞ്ഞു. ഇടവകക്കാരുടെ പരിശ്രമത്തിൽ ആരംഭിച്ച ദേവാലയ നിർമ്മാണം എത്രയും പെട്ടന്ന് പൂർത്തിയാക്കി ആയിരത്തിൽ പരം വീടുകളുള്ള ഇടവകയ്ക്ക് സ്വന്തമായി കൂദാശ കർമ്മങ്ങൾക്കും വേദോപദേശത്തിനും ഉള്ള സൗകര്യം തരപ്പെടുത്താനുള്ള ശ്രമത്തിലാണ് ഇടവക ജനം മുഴുവൻ. 15 വർഷത്തോളമായി പുതിയ സ്ഥലത്തേക്ക് മാറിയ ഇടവകയ്ക്ക് ഇപ്പോൾ ആവശ്യമായ സ്ഥലവും സി ബി എസ് ഇ സ്കൂളും ഉണ്ട്. ഒന്നും ഇല്ലായ്മയിൽ നിന്നും ആരംഭിച്ച ഇടവക ജനം അവരുടെ സാമ്പത്തിൽനിന്നും ഓഹരിയിൽ നിന്നും ഉള്ള തുക ഉപയോഗിച്ച് ഏറ്റവും വലിയ ആഗ്രഹമായ ഇടവക ദേവാലയത്തിന്റെ പൂർത്തീകരണത്തിലേക്കു നടന്നടുക്കുന്നു എന്നുള്ളതാണ് അത്യന്തം ശ്ലാഘനീയമാണെന്നു ഇടവക വികാരി ഫാ ജോഷി വെണ്ണാട്ടുപറമ്പിൽ പറഞ്ഞു.

വാര്യർ സമാജം സൗഹൃദ സംഗമം

ഗുരുവായൂർ : സമസ്ത കേരള വാര്യർ സമാജം സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ കേരളത്തിന് പുറത്തും, വിദേശത്തുമുള്ള വാര്യർ സമുദായ കൂട്ടായ്മകളുടെ ഭാരവാഹികളുമായി ഗുരുവായൂർ അക്ഷയ ഹാളിൽ നടത്തിയ സൗഹൃദ സംഗമം സമാജം സംസ്ഥാന പ്രസിഡണ്ട് പി.കെ. മോഹൻദാസ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വി.വി. മുരളീധര വാര്യർ, ട്രഷറർ വി.വി. ഗിരീശൻ, ടിവി. ശ്രീനിവാസ വാര്യർ, എ.സി. സുരേഷ്, കെ. സുരേഷ് കുമാർ, ആർ. ഗോപകുമാർ, എം.വി. മുരളീധരൻ എന്നിവർ പ്രസംഗിച്ചു. ദുബായ്, ബോംബെ, ചെന്നൈ, ബാംഗ്ളൂർ, ഡൽഹി, ഹൈദ്രാബാദ് എന്നിവടങ്ങളിൽ നിന്നുള്ള സമാജം ഭാരവാഹികളാണ് പങ്കെടുത്തത്.

ട്രെയിനിലേക്ക് ഓടിക്കയറാൻ ശ്രമം, പിടിവിട്ട് ട്രാക്കിലേക്ക്; 19 കാരിക്ക്അത്ഭുത രക്ഷ

കണ്ണൂർ: തീവണ്ടിയിൽ ഓടിക്കയറാൻ ശ്രമിച്ച് പിടിവിട്ട് പ്ലാറ്റ്ഫോമിനിടയിലേക്ക് വീണ പെൺകുട്ടി ചെറിയ പരിക്കോടെ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇരിട്ടി സ്വദേശിയായ 19-കാരിയാണ് രക്ഷപ്പെട്ടത്. ഞായറാഴ്ച രാവിലെ കണ്ണൂർ റെയിൽവേ സ്റ്റേഷനിലായിരുന്നു സംഭവം. പുതുച്ചേരി-മംഗളരു പ്രതിവാര വണ്ടിയിൽ(16857) തലശ്ശേരിയിൽ നിന്ന് മംഗളുരുവിലേക്ക് യാത്ര ചെയ്യുകയായിരുന്നു പെൺകുട്ടി.

വണ്ടി കണ്ണൂർ എത്തിയപ്പോൾ ബിസ്കറ്റും മറ്റും വാങ്ങാൻ ഇറങ്ങി. സാധനം വാങ്ങുന്നതിനിടയിൽ വണ്ടി വിട്ടു. സാധനം കടയിൽവെച്ച് ഓടിക്കയറാൻ ശ്രമിക്കുന്നതിനിടെയാണ് വീണത്. യാത്രക്കാരും റെയിൽവേ പോലീസും കാറ്ററിങ് തൊഴിലാളികളും വിളിച്ചു പറഞ്ഞ് വണ്ടി നിർത്തിയാണ് പെൺകുട്ടിയെ രക്ഷപ്പെടുത്തിയത്. ജില്ലാ ആസ്പത്രിയിൽ ചികിത്സ തേടിയ പെൺകുട്ടി പിന്നീട് മറ്റൊരു വണ്ടിയിൽ മംഗളുരുവിലേക്ക് യാത്ര തുടർന്നു.

കണ്ണൂർ സ്റ്റേഷനിൽ തീവണ്ടി നിർത്താൻ അനുവദിച്ച സമയം മൂന്നു മിനുട്ടാണ്. അതറിയാതെയാണ് പല യാത്രക്കാരും വെള്ളം വാങ്ങാനും മറ്റും ഇറങ്ങി ഓടികയറാൻ ശ്രമിക്കുന്നത്.

പീച്ചി വാക്ക് നടത്തി

തൃശൂർ; 'ദി ജോഗ്ഗേഴ്സ്' തൃശൂരിന്റെ ആഭിമുഖ്യത്തിൽ 27-ാത് പീച്ചി വാക്ക് 20 കി.മീ. തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽനിന്ന് ഞായറാഴ്ച രാവിലെ 5 മണിക്ക് ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ ഫ്ളാഗ് ഓഫ് ചെയ്തു. 'വ്യായാമത്തിലൂടെ ആരോഗ്യം സംരക്ഷിക്കുക' എന്ന സന്ദേശം നൽകി നടത്തിയ 'പീച്ചി വാക്ക്' നിർദ്ദേശിച്ച സമയത്തിനുള്ളിൽ 68 പേർ ക്വാളിഫൈ ചെയ്തു. പീച്ചിയിൽ നടന്ന സമാപനയോഗത്തിൽ 'ദി ജോഗ്ഗേഴ്സ്' വൈസ് പ്രസിഡൻറ് പി.കെ. സുബ്രഹ്മണ്യൻ, ഔസേഫ് അറയ്ക്കാപ്പറമ്പിൽ, മാത്യു തോമസ് ആമ്പക്കാടൻ, ഇട്ട്യേച്ചൻ തരകൻ, ഫ്രാൻസിസ് എലുവത്തിങ്കൽ, ബാബുഭാസ്കർ, ജോസഫ് മാളക്കാരൻ, സാവിയോ പാലത്തിങ്കൽ, അഡ്വ. പോൾ സി. ജോസഫ്, എൻ.വി. ദിനേശൻ തുടങ്ങിയവർ പ്രസംഗിച്ചു.

'ദി ജോഗ്ഗേഴ്സ്' തൃശൂരിന്റെ ആഭിമുഖ്യത്തിൽ 27-ാത് പീച്ചി വാക്ക് 20 കി.മീ. തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽനിന്ന് 3-11-2024 ഞായറാഴ്ച രാവിലെ 5 മണിക്ക് ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

വൈക്കംമുഹമ്മദ് ബഷീർ ക്വിസ് മത്സരം 17ന്

തൃശൂർ: പുസ്തകപ്പുരയുടെ ആഭിമുഖ്യത്തിൽ, നവംബർ 17നു ഞായറാഴ്ച്ച രാവിലെ 10.30 ന് തൃശൂർ മോഡൽ ഗേൾസ് ഹൈസ്കൂൾ ഹാളിൽ വെച്ചു സാഹിത്യ ക്വിസ് മത്സരം നടത്തുന്നു.

പകുതി ചോദ്യങ്ങൾ ബാല്യകാലസഖിയടക്കം ബഷീർ നോവലുകളിൽ നിന്നും ബാക്കി പകുതി ചോദ്യങ്ങൾ തൃശൂർ ജില്ലയിലെ എഴുത്തുകാരുടെ നോവലുകളിൽ നിന്നും ആയിരിക്കും.

ബാല്യകാലസഖി രചനയുടെ എൺപതാം വാർഷികം പ്രമാണിച്ചാണ് ക്വിസ് മത്സരം. തൃശൂർ ജില്ലയിലെ സ്കൂളുകളിൽ ഏഴു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു പങ്കെടുക്കാം. രാവിലെ 10.30 മുതൽ 12.30 വരെയാണു ക്വിസ് സമയം. ആദ്യ മൂന്നു സ്ഥാനത്തെത്തുന്നവർക്ക് 1500, 1000, 500 രൂപ വിലയുള്ള പുസ്തകങ്ങൾ സമ്മാനമായി നൽകും.

താല്പര്യമുള്ള കുട്ടികൾക്കു നേരിട്ടോ, രക്ഷിതാക്കൾ, അദ്ധ്യാപകർ, വായനശാല പ്രവർത്തകർ മുഖേനെയോ നവംബർ 10 നു മുൻപ് പേര് രജിസ്റ്റർ ചെയ്യണം.. രജിസ്ട്രേഷൻ ഫീസ് ഇല്ല.രജിസ്റ്റർ ചെയ്യേണ്ട നമ്പർ: 999543 10 33/ 82899 61033

ഭാരതീയ ദലിത് സാഹിത്യ സമ്മേളനവും പുരസ്ക്കാരസമർപ്പണവും

തൃശൂർ: ഭാരതീയ ദലിത് സാഹിത്യ അക്കാദമി സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച 28-ാമത് സംസ്ഥാന സമ്മേളനവും പുരസ്കാര സമർപ്പണവും, കുടുംബ സംഗമവും നടത്തി.

സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉൽഘാടനം ചെയ്തു. ഭാരതീയ ദലിത് അക്കാദമി പ്രസിഡന്റ് തോട്ടപ്പള്ളി ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മുഖ്യ പ്രഭാഷണവും, സംവിധായകൻ പി.കെ. ബാബുരാജ് പുരസ്ക്കാര സമർപ്പണവും നടത്തി.

രാമദാസ് വേങ്ങേരി, ഇസ്മയിൽ മഞ്ഞാലി മധുഇടുക്കി, സുക്ഷമ കോതമംഗലം, ബാബു നെല്ലിക്കുന്ന് അനൂപ് തോട്ടംപ്പിള്ളി, വീണ വൈഗ, അനിത മലപ്പുറം,സജീവൻ കാസർകോട് എന്നിവർ പ്രസംഗിച്ചു.

ഇരിങ്ങാലക്കുട എസ്എൻ ഹയർ സെക്കൻഡറി സ്കൂളിന് അനുവദിച്ച ലാപ്ടോപ്പുകൾ വിതരണം ചെയ്തു

ഇരിങ്ങാലക്കുട :എംഎൽഎ യും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ ഡോ ആർ ബിന്ദുവിന്റെ പ്രത്യേക വികസന നിധിയിൽ നിന്നും ഇരിങ്ങാലക്കുട എസ് എൻ ഹയർ സെക്കൻഡറി സ്കൂളിന് അനുവദിച്ച ലാപ്ടോപ്പുകളുടെ വിതരണോദ്ഘാടനം മന്ത്രി ഡോ ആർ ബിന്ദു നിർവഹിച്ചു. പ്രത്യേക വികസന നിധിയിൽ നിന്നും 3 ലക്ഷം രൂപയാണ് ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി അനുവദിച്ചിരുന്നത്.

സ്കൂളിൽ നടന്ന ചടങ്ങിൽ നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അഡ്വ ജിഷ ജോബി അധ്യക്ഷത വഹിച്ചു , കറസ്പോണ്ടന്റ് മാനേജർ പി കെ ഭരതൻ മാസ്റ്റർ , പി ടി എ പ്രസിഡന്റ് എ സി കുമാരൻ, എസ് ഡി എഫ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഡോ എ വി രാജേഷ്, കെ സി ബിന്ദു, പി വി കവിത , പി എം അജിത, പി എസ് ബിജുന എന്നിവർ സംസാരിച്ചു. എസ് എൻ ചന്ദ്രിക എഡ്യൂക്കേഷണൽ ട്രസ്റ്റ് ചെയർമാർ ഡോ സി കെ രവി സ്വാഗതവും പ്രിൻസിപ്പൽ കെ സി അജിത നന്ദിയും പറഞ്ഞു.

75 വർഷം പിന്നിട്ട ചിട്ടി സ്ഥാപനങ്ങളെ ആദരിച്ചു

തൃശ്ശൂർ: ഓൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം 2024 നവംബർ 2-ാം തിയ്യതി ശനിയാഴ്ച്ച 2 മണിക്ക് തൃശ്ശൂർ റീജിനൽ തിയ്യറ്ററിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിച്ചു. ചിട്ടി രംഗത്ത് 75 വർഷം പ്രവർത്തനം പിന്നിടുന്ന ചിട്ടി സ്ഥാപനങ്ങളെയും ചിട്ടി നടത്തിപ്പിൽ നിന്നുള്ള ആദായം മുഴുവർ സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന ചാരിറ്റബിൾ സ്ഥാപനങ്ങളെയും തതവസരത്തിൽ ആദരിച്ചു.

രജത ജൂബിലി സ്മാരകമായി രാധാകൃഷ്ണ കുറീസ് ലിമിറ്റഡിന്റെ ചെയർമാൻ പി.എസ്.പ്രേമാനന്ദന് ചിറ്റ്മാൻ ഓഫ് ദ ഇയർ പുരസ്കാരം നൽകി ആദരിച്ചു.

സംസ്ഥാന ചെയർമാൻ ഡേവിഡ് കണ്ണനായ്ക്കൽ അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന റവന്യ വകുപ്പ് മന്ത്രി അഡ്വ.കെ.രാജൻ യോഗം ഉദ്ഘാടനം നിർവഹിച്ചു. സനീഷ്കുമാർ ജോസഫ് എ.എൽ.എ. മുഖ്യാതിഥിയായിരുന്നു.

ഓൾ ഇന്ത്യ അസ്സോസിയേഷൻ ഓഫ് ചിറ്റ് ഫണ്ട്സ് ചെയർമാൻ വി.സി. പ്രവീൺ പുരസ്കാര സമർപ്പണം നടത്തി. ആൾ ഇന്ത്യ അസ്സോസിയേഷൻ ഓഫ് ചിറ്റ് ഫണ്ട്സ് ജനറൽ സെക്രട്ടറി എ.ചിത്രശു ജൂബിലി സോവനീയർ പ്രകാശനം നടത്തി.

ലൈഫ് സർട്ടിഫിക്കറ്റ്: നവംബർ 30 നകം നൽകണം

തൃശൂർ: ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ തൃശ്ശൂർ മേഖലയിൽ (തൃശ്ശൂർ, പാലക്കാട് ജില്ലകൾ) പത്രപ്രവർത്തക-പത്രപ്രവർത്തകേതര പെൻഷൻ വാങ്ങുന്നവർ 2024 നവംബർ 30 നകം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. നവംബർ തീയതിയിലുള്ള 'ജീവൻ പ്രമാണി' ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഗസറ്റഡ് ഓഫീസർ നവംബർ തീയതിയിൽ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റോ വകുപ്പിൽ നൽകണം. നേരിട്ടോ ദൂതൻ മുഖേനയോ നൽകാം.

തൃശ്ശൂർ ജില്ലയിലുള്ളവർ സിവിൽ സ്റ്റേഷനിലെ രണ്ടാം നിലയിലുള്ള ഐപിആർഡി മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും പാലക്കാട് ജില്ലയിലുള്ളവർ പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസിലും ലൈഫ് സർട്ടിഫിക്കറ്റ് നൽകണം. ദൂതൻ മുഖേന നൽകുന്ന പെൻഷണർമാർ സ്വന്തം ഫോട്ടോ പതിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്കൂടി നൽകേണ്ടതാണ്. ലൈഫ് സർട്ടിഫിക്കറ്റ് മാതൃക വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾ ക്കായി 9846979162/ 8848392539 എന്നീ മൊബൈൽ നമ്പറുകളിലോ അതതു ജില്ലാ ഇൻഫർമേഷൻ ഓഫീസിലോ ബന്ധപ്പെടുക.

വീടു കയറി ആക്രമണം : ഒളിവിലായിരുന്ന കരുവന്നൂർ സ്വദേശി പിടിയിൽ

ഇരിങ്ങാലക്കുട : വീടു കയറി കുടുംബത്തെ ആക്രമിച്ച കേസിലെ പ്രതി കരുവന്നൂർ സ്വദേശി കുന്നമ്മത്ത് വീട്ടിൽ അനൂപിനെ (28) പോലീസ് അറസ്റ്റ് ചെയ്തു.

തൃശൂർ റൂറൽ എസ് പി നവനീത് ശർമ്മയുടെ നിർദ്ദേശ പ്രകാരം ഇരിങ്ങാലക്കുട ഡിവൈ എസ് പി കെ ജി സുരേഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അനൂപിനെ പിടികൂടിയത്. കരുവന്നൂർ സ്വദേശിയായ സൗമീഷിനെയും കുടുംബത്തേയും വീട് കയറി ആക്രമിച്ചു എന്നതാണ് കേസ്. ഇക്കഴിഞ്ഞ ജൂലൈ 21നാണ് കേസിനാസ്പദമായ സംഭവം നടന്നത്.

മദ്യലഹരിയിൽ സ്കൂട്ടറോടിച്ച് പരാതിക്കാരന്റെ വീടിന്റെ ഗേറ്റ് ഇടിച്ചു തുറന്ന് അതിക്രമിച്ചു കയറിയാണ് ആക്രമണം നടത്തിയത്.

ഇയാളുടെ ആക്രമണത്തിൽ പരാതിക്കാരന്റെ ഭാര്യയ്ക്കും അമ്മയ്ക്കും ചെറിയ കുട്ടിക്കും പരുക്കേറ്റിരുന്നു. സംഭവശേഷം മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തു മുങ്ങി പല സ്ഥലങ്ങളിലായി ഒളിവിൽ കഴിഞ്ഞിരുന്ന ഇയാൾ പെരുമ്